**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.980** **28-4-2017 ൽ മറുപടിക്ക്**

**മുൻ സർക്കാർ അനധികൃതമായി പതിച്ചു നല്കിയ റവന്യൂ ഭൂമി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ശശി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാർ കാലയളവിൽ സംസ്ഥാനത്തെ അനാഥാലയങ്ങൾ, സ്വകാര്യ ട്രസ്റ്റുകൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ ചാരിറ്റബിൾ സൊസൈറ്റികൾ എന്നിവക്ക് എത്ര റവന്യൂ ഭൂമി പതിച്ചു നല്കിയിട്ടുണ്ട്; സർക്കാർ കണക്ക് ലഭ്യമാക്കുമോ; | (എ) മുൻ സർക്കാരിന്റെ കാലത്ത് എറണാകുളം, മലപ്പുറം, കാസർഗോഡ്, ഇടുക്കി ജില്ലകളിൽ ഇത്തരത്തിൽ റവന്യൂ ഭൂമി പതിച്ചു നൽകിയിട്ടില്ല. പത്തനംതിട്ട ജില്ലയിൽ വ്യക്തികൾക്ക് 186.30.04 ഹെക്ടർ ഭൂമിയും, ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം 5.53 ഹെക്ടർ ഭൂമിയും പതിച്ചു നൽകി.<br><br>കോട്ടയം ജില്ലയിൽ സ്വകാര്യ വ്യക്തിക്ക് 19.63 ആർ സ്ഥലവും, കോട്ടയം താലൂക്കിൽ വ്യക്തികൾക്ക് 03.35.23 ഹെക്ടർ ഭൂമിയും സ്വകാര്യ സ്ഥാപനത്തിന് 4.05 ആർ ഭൂമിയും പതിച്ചു നൽകിയിട്ടുണ്ട്. കാഞ്ഞിരപ്പള്ളി താലൂക്കിൽ സ്വകാര്യ വ്യക്തികൾക്ക് 209.16.30 ഹെക്ടർ, മീനച്ചിൽ താലൂക്കിൽ സ്വകാര്യ ട്രസ്റ്റുകൾക്ക് 10.1179 ഹെക്ടർ, സ്വകാര്യ വ്യക്തികൾക്ക് 14.1241 ഹെക്ടർ സ്ഥലവും, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിന് 0.007 ഹെക്ടർ സ്ഥലവും നൽകിയിട്ടുണ്ട്.<br><br>തൃശ്ശൂർ ജില്ലയിൽ സ്വകാര്യ ട്രസ്റ്റുകൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ആകെ 7.9849 ഹെക്ടർ ഭൂമിയും , സ്വകാര്യ വ്യക്തികൾക്ക് 10.5471 ഹെക്ടർ ഭൂമിയും പതിച്ചു നൽകിയിട്ടുണ്ട്.<br><br>കണ്ണൂർ ജില്ലയിൽ സ്വകാര്യ സ്ഥാപനത്തിന് 7.28403 ഏക്കർ സ്ഥലവും , സ്വകാര്യ വ്യക്തിക്ക് 5 സെന്റ് സ്ഥലവും പതിച്ചു നൽകിയിട്ടുണ്ട്. വയനാട് ജില്ലയിൽ സ്വകാര്യ വ്യക്തികൾക്ക് 20.4199 ഹെക്ടർ ഭൂമി പതിച്ചു നൽകി.<br><br>പാലക്കാട് സ്വകാര്യ വ്യക്തിക്ക് 2 സെന്റ് ഭൂമി പതിച്ചു നൽകി. പാലക്കാട് പ്രസ്സ് ക്ലബിന് 3.5 സെന്റ് ഭൂമി എന്നിങ്ങനെ പതിച്ചു നൽകിയിട്ടുണ്ട്. മണ്ണാർക്കാട്, ചിറ്റൂർ താലൂക്കുകളിൽ വ്യക്തികൾക്കായി ആകെ 7.3485 ഭൂമി പതിച്ചു നൽകിയിട്ടുണ്ട്.<br><br>കോഴിക്കോട് ജില്ലയിൽ സ്വകാര്യ വ്യക്തികൾക്ക് 2.27 ഹെക്ടർ പുറമ്പോക്കും, 20.27 ഹെക്ടർ ഭൂരഹിത കേരളം മുഖാന്തിരവും, 5.53 ഹെക്ടർ മിച്ചഭൂമിയും പതിച്ചു നൽകിയിട്ടുണ്ട്.<br><br>ആലപ്പുഴ ജില്ലയിൽ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിന് 70.03 ആർസ് ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. |

തിരുവനന്തപുരം ജില്ലയിൽ ആനാഥാലയങ്ങൾ, സ്വകാര്യ ട്രസ്റ്റുകൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ, ചാരിറ്റബിൾ സൊസൈറ്റികൾ എന്നിവർക്ക് ആകെ 1 ഹെക്ടർ 96 ആർ 71 ച.മീറ്റർ പതിച്ചു നൽകിയിട്ടുണ്ട്.

കൊല്ലം ജില്ലയിൽ സ്വകാര്യ വ്യക്തികൾക്ക് 31.35.83 ഹെക്ടർ ഭൂമി പതിച്ചു നൽകിയിട്ടുണ്ട്.

| | |
|---|---|
| **(ബി)** പ്രസ്തുത കാലയളവിൽ ഭൂരഹിത ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകുവാനുള്ള കോടതി വിധികളും അപേക്ഷകരായ ആദിവാസികളുമുണ്ടായിരുന്നിട്ടും എത്ര ആദിവാസികൾക്ക് വാസ യോഗ്യവും അല്ലാത്തതുമായ ഭൂമി പതിച്ചു നൽകി എന്ന സർക്കാർ കണക്ക് ലഭ്യമാക്കുമോ; | (ബി) 362 ആദിവാസികൾക്ക് പട്ടയം നൽകിയിട്ടുണ്ട് |
| (സി) ഇത്തരത്തിൽ മുൻ സർക്കാർ അനധികൃതമായി പതിച്ചു നല്കിയ ഭൂമി തിരിച്ചു പിടിക്കാനും ആദിവാസികൾക്ക് കോടതിവിധി പ്രകാരമുള്ള ഭൂമി പതിച്ചു നല്കുവാനുമായി ഈ സർക്കാർ എന്തു നടപടി സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ? | (സി) ഇക്കാര്യത്തിൽ നിയമാനുസൃതമായി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**